(സി) പ്രതിവർഷം എത്ര തുകയുടെ പണി ഏർപ്പെടുത്തിയെന്നും അത് ഏതെല്ലാം പണികളാണെന്നും ഈ പണികൾ ഏത് വർഷം തീർന്നെന്നും ഇതിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നാണ് നല്കിയതെന്നും വ്യക്തമാക്കുമോ;

(ഡി) ഈ പണികൾക്കായി പ്രതിവർഷം സർക്കാർ എത്ര തുക നീക്കിയിരിപ്പ് നടത്തിയെന്നും അതിൽ പ്രതിവർഷം എത്ര തുക ചെലവാക്കി യെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1995-ൽ സാമ്പത്തികാനുമതിയാണ് നല്കിയിട്ടുള്ളത്. പ്രോജ ക്ടിനുള്ള ഭരണാനുമതി പ്ളാനിംഗ് കമ്മിഷന്റെ അംഗീകാരം ലഭിച്ചതിനുശേ ഷമേ നല്കാനാവൂ.

(ബി) 1995-ൽ.

(സി) വിശദവിവരം അനുബന്ധമായി† ചേർത്തിരിക്കുന്നു.

(ഡി)

വർഷം	നീക്കിവച്ച തുക	ചെലവ്
1995-96	1,87,05,000	1,86,84,950
1996-97	2,09,19,000	2,09,77,590
1997-98	58,32,000	68,74,000
1998-99	3,42,25,000	1,05,94,450

(3510) കല്ലിശ്ശേരി പദ്ധതി

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ചങ്ങനാശ്ശേരി ടൗണിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ നടപ്പിലാക്കിയ കല്ലിശ്ശേരി പദ്ധതിയിൽ നിന്നും ആവശ്യമായ ജലം ചങ്ങനാശ്ശേരിയിൽ ലഭിക്കാതിരിക്കു ന്നത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി പെരുന്നയിൽ സ്ഥാപിച്ച 2 ട്രാൻസ്ഫോർമറുകളിൽ ഒരെണ്ണം ചാർജ്ജ് ചെയ്യുന്നതിൽ ഉണ്ടായിരിക്കുന്ന കാലതാമസം ഒഴിവാക്കുമോ;

(സി) കല്ലിശ്ശേരിയിൽ നിന്നും വൈദ്യുതി തകരാറുമൂലം ആവശ്യ ത്തിന് വെള്ളം പമ്പ് ചെയ്യാതിരിക്കുന്നത് പരിഹരിക്കുവാൻ നടപടി സ്വീകരി ക്കുമോ;

(ഡി) ചങ്ങനാശ്ശേരിയിലേയ്ക്ക് ആവശ്യമായ വെള്ളം പമ്പ് ചെയ്താൽ ഇപ്പോഴിട്ടിരിക്കുന്ന പൈപ്പുകൾ പൊട്ടിപ്പോകുന്ന അവസ്ഥ ഉണ്ടോ;

(ഇ) എങ്കിൽ ഈ പൈപ്പുകൾ മാറ്റിയിടുവാൻ നടപടി സ്വീകരി ക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ തൃക്കൊടിത്താനം, പായിപ്പാട്, കുറിച്ചി, വാഴപ്പള്ളി പഞ്ചായത്തുകളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ വെള്ളമെത്തിക്കുവാൻ ആവശ്യമായ പദ്ധതികൾ തയ്യാറാക്കുമോ;

(ജി) മാടപ്പള്ളി, വാകത്താനം, കറുകച്ചാൽ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ ഉള്ള പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കും;

(എച്ച്) ഈ പദ്ധതിയുടെ നിർമ്മാണത്തിലെ കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഐ) പായിപ്പാട് പഞ്ചായത്തിൽ നിർമ്മാണം പൂർത്തിയാക്കിയ ഒ. എച്ച്.ടാങ്ക് കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ രീതിയിലുള്ള പൈപ്പ് ലഭ്യമാക്കുവാനുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കല്ലിശ്ശേരി പദ്ധതിയിൽ പ്രധാനമായും വൈദ്യുതി തകരാർ മൂലമാണ് പമ്പിംഗ് തടസ്സപ്പെടുന്നത്. നിത്യവും വൈകുന്നേരം ഉദ്ദേശ്യം 6 മണി മുതൽ 11 മണിവരെ വോൾട്ടേജ് ക്ഷാമം കാരണം അത്രയും സമയം പൂർണ്ണമായും പമ്പിംഗ് മുടങ്ങുന്നു. ഇതിനാൽ ഉൽപ്പാദിപ്പിക്കുന്ന വെള്ളം കുറയുന്നു. കൂടാതെ 440 വോൾട്ട് സ്ഥിരമായി ലഭിക്കേണ്ട പമ്പ് ഹൗസിൽ പല പ്പോഴും 330 വോൾട്ടിനു താഴെ മാത്രം വോൾട്ടേജ് ലഭിക്കുന്നതിനാൽ പമ്പിംഗ് ഇടയ്ക്ക് തടസ്സപ്പെടുന്നു. ഇതിനുപരി ആഴ്ചയിൽ രണ്ടു ദിവസം പകൽ സമയം പൂർണ്ണമായും വൈദ്യുതി നിലയ്ക്കുന്നതും പമ്പിംഗിനെ ഗുരുതരമായി ബാധിക്കുന്നു. ഇതു കൂടാതെ കല്ലിശ്ശേരിയിൽ നിന്നും ചങ്ങനാശ്ശേരി-പെരുന്ന സംബിലേക്ക് പോകുന്ന ഗ്രാവിറ്റി മെയിൻ പുനഃസ്ഥാപിക്കുന്നതുവരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന പൈപ്പ് അറ്റകുറ്റപ്പണികൾ യഥാസമയംതന്നെ നടത്തുന്നുണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ബൂസ്റ്ററുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇതു സംബന്ധമായി കോടതിയിൽ ഒരു കേസ് നിലനിന്നിരുന്നതിനാൽ ചാർജ്ജ് ചെയ്യാൻ കാലതാമസം ഉണ്ടായി. ഈ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളിക്കളഞ്ഞതിനാൽ ട്രാൻസ്ഫോർമർ ചാർജ്ജ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുമൂലം പമ്പിംഗിന് യാതൊരു തടസ്സവും ഇതുവരെ ഉണ്ടായിട്ടില്ല.

(സി) വോൾട്ടേജ് ക്ഷാമം പരിഹരിക്കാനായി തിരുവല്ല മുനിസിപ്പാലിറ്റിയുടെ ജനകീയാസൂത്രണ പരിപാടിയിൽ ഉൾപ്പെടുത്തി വോൾട്ടേജ് ബൂസ്റ്റർ സ്ഥാപിക്കാനുള്ള ഒരു പദ്ധതി പത്തനംതിട്ട ജില്ലാ പ്ലാനിംഗ് കമ്മിറ്റിക്ക് ഈ വർഷം സമർപ്പിച്ചിട്ടുണ്ട്. വൈദ്യുതി തകരാർ പരിഹരിക്കാനായി ബന്ധപ്പെട്ട കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുമായി ചർച്ചചെയ്ത് നടപടികൾ എടുത്തു വരുന്നു.

(ഡി) ചങ്ങനാശ്ശേരി പെരുന്ന സംബിലേയ്ക്കുള്ള പൈപ്പ്ലൈൻ കല്ലിശ്ശേരി ട്രീറ്റ്മെന്റ് പ്ലാന്റിലുള്ള ഒ.എച്ച്.ടാങ്കിൽ നിന്നും ഗ്രാവിറ്റി മെയിൻ ആയിട്ടാണ് ഡിസൈൻ ചെയ്ത് സ്ഥാപിച്ചിരിക്കുന്നത്. ആയതിനാൽ പ്രസ്തുത പൈപ്പ് ലൈൻ പൊട്ടാൻ സാദ്ധ്യത കുറവാണ്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)ആവശ്യമായ പദ്ധതികൾ തയ്യാറാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(ജി) രണ്ടായിരം മാർച്ചിൽ പൂർത്തിയാക്കുവാനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

(എച്ച്) നടപടി സ്വീകരിച്ചുവരുന്നു.

(ഐ) പൈപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

(3516) കരാറുകാരുടെ പണം തടഞ്ഞുവച്ച നടപടി

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.ഐ.പി. യിൽ പ്രവൃത്തി ചെയ്ത ഏതെങ്കിലും കരാറുകാരുടെ പണം തടഞ്ഞുവച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം എന്തെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം ജോലി ചെയ്തതിന്റെ പേയ്മെന്റ് ആണ് തടഞ്ഞുവച്ചിട്ടുള്ളത്;

(ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തുന്നുണ്ടോ;

(ഇ) ഈ അന്വേഷണം എന്ന് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 15.06.1996-ലെ ജി.ഒ. (ആർ.ടി) നം. 747/96/ഐ.ആർ.ഡി. ഉത്തരവിൽ കെ.ഐ.പി. യിലെ അഡീഷണൽ വർക്കുകൾ നിർത്തിവയ്ക്കാൻ ഉത്തരവായി. അതനുസരിച്ച് സർക്കാരിൽനിന്നും റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അനുവാദം വാങ്ങാത്ത ജോലികളുടെ പണം കൊടുത്തിട്ടില്ല.

(സി) വിശദാംശങ്ങൾ അനുബന്ധമായി വയ്ക്കുന്നു.†

(ഡി) ഇതുസംബന്ധിച്ച് 15.03.97-ലെ ജി.ഒ. (ആർ.ടി) നം. 333/97/ഐ.ആർ.ഡി. ഉത്തരവനുസരിച്ച് രൂപം കൊടുത്ത അഡീഷണൽ സെക്രട്ടറിയുടെ കമ്മിറ്റി ഈ ജോലികൾ പരിശോധിക്കുന്നുണ്ട്. ചില കേസുകളിൽ വിജിലൻസ് അന്വേഷണവും നിലവിലുണ്ട്.

(ഇ) അന്വേഷണം എപ്പോൾ പൂർത്തിയാകുമെന്ന് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. അന്വേഷണനടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(3517) വണ്ടൂർ നിയോജകമണ്ഡലത്തിൽ നെതർലാന്റ് സഹായത്തോടെ കുടിവെള്ളം നൽകാൻ പദ്ധതി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly